## MESSAGE FROM THE SECRETARY



ആൾക്കൂട്ടത്തിൽ തനിയെ............

ഇത്തരം ഒരു സാഹചര്യത്തിലൂടെ കടന്നു പോകുന്നവരുടെ അവസ്ഥ നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. സ്വന്തം അസ്തിത്വത്തിന്റെ കാണാമറയത്തേയ്ക്ക് ഉൾവലിയുവാനുള്ള അഭിവാഞ്ഛ ദിനംപ്രതി കൂടിക്കൊണ്ടിരിക്കയാണ്. ഇത് അത്തരം വ്യക്തിത്വങ്ങളേയും സമൂഹത്തേയും അപകടകരമായ അവസ്ഥയിലേയ്ക്ക് കൊണ്ടെത്തിച്ചുകൂടായ്കയില്ല.

വ്യക്തി എന്ന നിലയിൽ പലപ്പോഴും നമ്മുടെ ജോലി സ്ഥലത്തും ഇടവകയിലും ക്ലബുകളിലും സാമൂഹ്യ പ്രവർത്തന സംഘടനകളിലും ഒക്കെ നാം ഒരു വലിയ ജന മദ്ധ്യത്തിലാണ്. പക്ഷേ, ചിലപ്പോഴെങ്കിലും നാം ഏകനാണ്, ഏകയാണ് എന്ന് തോന്നാറില്ലേ? ഈ അവസ്ഥയ്ക്ക് നാം കൂടി ഉൾക്കൊള്ളുന്ന സമൂഹവും ഒരുപോലെ കാരണക്കാരാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും നമുക്ക് ഒഴിഞ്ഞു മാറി നിൽക്കുവാൻ കഴിയുമോ? ഇല്ല... എന്നാണ് ദൈവവചനം നമ്മേ ഓർമ്മിപ്പിക്കുന്നത്. ദൈവിക കൂട്ടായ്മയുടേയും, സ്നേഹത്തിന്റേയും, സാഹോദര്യത്തിന്റേയും മഹത്വം വിളിച്ചോതുന്ന അനേകം വാക്യങ്ങൾ നമുക്ക് വേദപുസ്തകത്തിൽ കാണുവാൻ കഴിയും.

നമ്മൾ ആരാധനയിൽ പങ്കെടുക്കുമ്പോൾ നമ്മുടെ ഇടത്തോ വലത്തോ ഉള്ളവർ നമുക്ക് അപരിചിതർ ആണെങ്കിൽ നമുക്ക് അവരോട് ഒന്ന് കൂട്ടായ്മ പങ്കുവെയ്ക്കാം, പിന്നെ കാണുമ്പോൾ ഒരു ചെറു പുഞ്ചിരി സമ്മാനിക്കാം, ആ സൗഹൃദം ഒന്ന് പുതുക്കാം. നമ്മൾ സ്ഥിരമായി ഇരിക്കുന്ന ഇരിപ്പിടങ്ങളിൽ നിന്നും മാറി, പുതിയ സൗഹൃദങ്ങൾ തേടാം. അങ്ങനെ നാം ചെയ്യുമ്പോൾ പള്ളിയിലേയ്ക്ക് നാം വരുന്നതിന്റെ അർത്ഥവും വ്യാപ്തിയും വർദ്ധിക്കും. അത്തരം പുതിയ സൗഹൃദങ്ങൾ നമുക്ക് ഒരു പുതിയ സന്തോഷത്തെ സമ്മാനിക്കും. നാം ആദ്യമായി ഈ മരുപ്രദേശത്തു എത്തി ചേർന്നപ്പോൾ ഇത്തരം സൗഹൃദങ്ങൾ നാം പ്രതീക്ഷിച്ചിരുന്നില്ലേ? അതേ, ആ പ്രതീക്ഷ മറ്റുള്ളവരിലൂടെ നമുക്ക് സാദ്ധ്യമായെങ്കിൽ, അവ തിരിച്ചു നൽകുവാൻ നാമും ശ്രമിക്കേണ്ടതല്ലേ?

നമ്മുടെ ഇടവകയിലേയ്ക്ക് കടന്നു വരുന്ന ഓരോ വ്യക്തിയും ഒരു അപരിചിതനായി മടങ്ങി പോകാതിരിക്കുവാൻ വരും ദിവസങ്ങളിൽ നമുക്കേവർക്കും ശ്രമിക്കാം എന്ന അഭ്യർത്ഥനയോടെ

സ്നേഹപൂർവ്വം

ജോസ് ലൂക്കോസ് (നെല്ലിവിള)